**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം *559** 22/05/2017-ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്ക് സൗജന്യ അപകട ഇൻഷ്വറൻസ്

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.കെ.യു. അരുണൻ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ഒ. ആർ. കേളു<br>,, എം. നൗഷാദ് : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികൾക്ക് സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികൾക്ക് സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. 30.09.2016 ലെ ജി.ഒ (എം എസ്) നം. 163/16/പൊവിവ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം തരത്തിലുള്ള സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ ഉൾപ്പെട്ടിട്ടുള്ളത്. |
| (സി) ഏത് ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികളെയാണ് നിലവിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഈ പദ്ധതി പ്രകാരം | (സി) ഒന്നു മുതൽ പത്തു വരെ പഠിക്കുന്ന വിദ്യാർത്ഥികളെയാണ് നിലവിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിദ്യാർത്ഥിയുടെ മരണം |

| | | | |
|---|---|---|---|
| | എന്തെല്ലാം ആനുകൂല്യങ്ങളാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ; | | സംഭവിച്ചാൽ 50,000/- രൂപയും, ഗുരുതരമായി പരിക്ക് പറ്റിയാൽ 10,000/- രൂപയും, ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ രക്ഷിതാക്കൾ മരണപ്പെട്ടാൽ 50,000/- രൂപ ട്രഷറി അക്കൗണ്ടിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുകയും പ്രസ്തുത തുകയ്ക്ക് പലിശയിനത്തിൽ ലഭിക്കുന്ന തുക കുട്ടിയുടെ പഠനാവശ്യത്തിനായി ഉപയോഗിക്കുന്ന തരത്തിൽ നടപ്പിലാക്കുവാനും പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇൻഷുറൻസ് കമ്പനികളെ ഏല്പിച്ചുവെങ്കിലും നടപ്പിലാകാതെ പോയ പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ